**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 92** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പ്ലസ് വൺ സീറ്റുകളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. പി. നൗഷാദ് അലി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് പ്ലസ് വൺ സീറ്റുകളുടെ അലോട്ട്മെന്റിൽ ജില്ലാ തലത്തിൽ ഉണ്ടായിരുന്ന അസന്തുലിതാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത അപാകത പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. വിദ്യാഭ്യാസ ജില്ല അടിസ്ഥാനമാക്കി സീറ്റിന്റെ ആവശ്യകത പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**(ബി)** പത്താം തരം പാസായ എല്ലാ കുട്ടികൾക്കും പര്യാപ്തമായ സീറ്റുകൾ പ്ലസ് വൺ തലത്തിൽ ലഭ്യമാണോ; കുട്ടികളുടെ അഭിരുചിയനുസരിച്ച് കോഴ്സ് തെരഞ്ഞെടുക്കാൻ സാധിക്കുന്ന വിധത്തിലാണോ സീറ്റ് അലോട്ട്മെന്റ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാന തലത്തിൽ പത്താം തരം പാസായ എല്ലാ കുട്ടികൾക്കും പര്യാപ്തമായ സീറ്റുകൾ പ്ലസ് വൺ തലത്തിൽ ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിൽ ലഭ്യമല്ല. ഒരു കുട്ടിക്ക് സ്വന്തം ജില്ലയിലെ സ്കൂളുകളോ അല്ലെങ്കിൽ സമീപ ജില്ലകളിലെ സ്കൂളുകളോ തെരഞ്ഞെടുക്കാൻ സാധിക്കും വിധമാണ് ഏകജാലക പ്രവേശനസംവിധാനം ഒരുക്കിയിട്ടുള്ളത്. ഒരു ജില്ലയിലേയ്ക്ക് ഒരു അപേക്ഷ എന്ന വിധത്തിലാണ് ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടത്. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകളും, സ്കൂളുകളും തെരഞ്ഞെടുക്കാൻ സാധിക്കും. കുട്ടി താമസിക്കുന്ന ജില്ല, താലൂക്ക്, പഞ്ചായത്ത്, എസ്.എസ്.എൽ.സി. പഠനം പൂർത്തീകരിച്ച സ്കൂൾ, സ്റ്റേറ്റ് സിലബസ്, ലിറ്റിൽ കൈറ്റ് സർട്ടിഫിക്കറ്റ്, സ്റ്റുഡന്റ്സ് പോലീസ് സർട്ടിഫിക്കറ്റ്, സ്കൗട്ട് & ഗൈഡ് സർട്ടിഫിക്കറ്റ്, എൻ.സി.സി. സർട്ടിഫിക്കറ്റ്, ജവാൻമാരുടെ മക്കൾ എന്നീ വിഭാഗങ്ങൾക്ക് ബോണസ് പോയിന്റ് നൽകിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. റാങ്ക് പട്ടികയിൽ ഉയർന്ന WGPA (Weighted Grade Point Average) പരിശോധിച്ചാണ് അലോട്ട്മെന്റുകൾ ഏർപ്പെടുത്തിയിട്ടുള്ളത്.

**(സി)** ഏതൊക്കെ ജില്ലകളിലാണ് പ്ലസ് വണ്ണിന് അധിക സീറ്റ് ആവശ്യമായിവരുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ; സീറ്റ് അലോട്ട്മെന്റിനുള്ള ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പാലക്കാട്, കോഴിക്കോട്, മലപ്പുറം, കാസറഗോഡ് എന്നീ ജില്ലകളിൽ പ്ലസ്‌വൺ -ന് അധിക ബാച്ചുകളിലൂടെ അധിക സീറ്റുകൾ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ വർഷത്തെ പ്രവേശന നടപടികൾ പൂർത്തീകരിച്ചശേഷം ഏകജാലക സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ജില്ലാതലത്തിലും, താലൂക്ക് തലത്തിലും സീറ്റിന്റെ ലഭ്യത പരിശോധിക്കുമ്പോൾ മലബാർ മേഖലയിലെ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസറഗോഡ് ജില്ലകളിൽ സീറ്റുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതു പരിഹരിക്കുന്നതിനായി പ്രസ്തുത ജില്ലകളിൽ ഈ അദ്ധ്യയന വർഷം തന്നെ ആവശ്യത്തിന് അധിക ബാച്ചുകൾ അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**(ഡി)** അവസാന അലോട്ട്മെന്റ് കഴിയുമ്പോൾ എല്ലാ കുട്ടികൾക്കും സീറ്റ് ഉറപ്പാക്കാനും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് ഒഴിവാക്കാനും വേണ്ട നടപടികൾ കൈക്കൊള്ളുമോ;വിശദമാക്കുമോ?

**<u>മറുപടി:</u>** അവസാനത്തെ മുഖ്യ അലോട്ട്മെന്റിന് ശേഷവും ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേക്ക് അലോട്ട്മെന്റ് നടത്തുന്നതിന് സേ പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികൾ ഉൾപ്പെടെ ഇതുവരെ അപേക്ഷിക്കാത്തവരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് സപ്ലിമെന്ററി അലോട്ട്മെന്റുകൾ നടത്തിയാണ് ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേക്ക് പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നത്. തുടർന്നും സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നപക്ഷം സ്പോട്ട് അഡ്മിഷൻ നടത്തുന്നതിനുള്ള ക്രമീകരണവും ഒരുക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**